**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1691** **20-06-2024 - ൽ മറുപടിയ്ക്ക്**

**കാസർകോട് ജില്ലയിലെ കർഷകർക്കുള്ള നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ വർഷത്തെ മഴക്കെടുതിയിൽ കാസർകോട് ജില്ലയിലുണ്ടായ കൃഷിനാശം എത്രയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ; | (എ) | 2024 വർഷത്തെ മഴക്കെടുതിയിൽ (14.06.2024 വരെ) കാസർകോട് ജില്ലയിൽ ആകെ 638.92 ഹെക്ടർ കൃഷിനാശം ഉണ്ടായിട്ടുണ്ട്. 515.97 ലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കുന്നു. മണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം - I ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഈ വർഷത്തെ മഴക്കെടുതിയിൽ പ്രസ്തുത ജില്ലയിലെ എത്ര കർഷകർക്കാണ് കൃഷിനാശം സംഭവിച്ചതെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ; | (ബി) | 2024 വർഷത്തെ മഴക്കെടുതിയിൽ (14.06.2024 വരെ) കാസർകോട് ജില്ലയിൽ ആകെ 5048 കർഷകർക്ക് കൃഷിനാശം നേരിട്ടു. മണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം - II ആയി ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ എത്ര തുക വീതമാണ് നൽകിയതെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ നഷ്ടപരിഹാരം എന്നത്തേക്ക് നൽകുമെന്ന് വ്യക്തമാക്കുമോ; | (സി) | **നഷ്ടപരിഹാരം നൽകിയിട്ടില്ല. 112 അപേക്ഷകളിന്മേൽ 5,43,780/- രൂപയുടെ ക്ലെയിമുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. തുക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.** |
| (ഡി) | കഴിഞ്ഞ വർഷത്തെ മഴക്കെടുതിയിൽ ജില്ലയിലുണ്ടായ കൃഷിനാശം എത്രയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ; | (ഡി) | 2023 വർഷത്തെ മഴക്കെടുതിയിൽ കാസർഗോഡ് ജില്ലയിൽ ആകെ 509.68 ഹെക്ടർ കൃഷി നാശമുണ്ടായിട്ടുണ്ട്. 1153.39 ലക്ഷം രൂപയുടെ നാശനഷ്ടമുണ്ടായതായി കണക്കാക്കുന്നു. ജില്ലയിൽ ആകെ 8715 കർഷകർക്ക് കൃഷിനാശം നേരിട്ടു. മണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം - III ആയി ചേർത്തിരിക്കുന്നു. |
| (ഇ) | കഴിഞ്ഞ വർഷത്തെ മഴക്കെടുതിയിൽ കൃഷിനാശം സംഭവിച്ച, പ്രസ്തുത ജില്ലയിലെ കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; എങ്കിൽ മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | (ഇ) | ഉണ്ട്. **മണ്ഡലം തിരിച്ചുള്ള കണക്ക് അനുബന്ധം - IV ആയി ചേർത്തിരിക്കുന്നു.** |

സെക്ഷൻ ഓഫീസർ

## അനുബന്ധം - I

| ക്രമ നം. | മണ്ഡലം | കൃഷിനാശം (ഹെക്ടർ) | കൃഷിനാശം (ലക്ഷം) |
|---|---|---|---|
| 1 | തൃക്കരിപ്പൂർ | 150.97 | 149.51 |
| 2 | കാഞ്ഞങ്ങാട് | 47.32 | 89.02 |
| 3 | ഉദുമ | 338.85 | 221.80 |
| 4 | കാസർഗോഡ് | 17.13 | 20.79 |
| 5 | മഞ്ചേശ്വരം | 84.65 | 34.85 |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം - II**

| ക്രമ നം. | മണ്ഡലം | കൃഷിനാശം നേരിട്ട കർഷകരുടെ എണ്ണം |
|---|---|---|
| 1 | തൃക്കരിപ്പൂർ | 1715 |
| 2 | കാഞ്ഞങ്ങാട് | 1177 |
| 3 | ഉദുമ | 1134 |
| 4 | കാസർഗോഡ് | 243 |
| 5 | മഞ്ചേശ്വരം | 779 |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം - III

| ക്രമ നം. | മണ്ഡലം | കൃഷിനാശം (ഹെക്ടർ) | കൃഷിനാശം (ലക്ഷം) | കൃഷിനാശം നേരിട്ട കർഷകരുടെ എണ്ണം |
|---|---|---|---|---|
| 1 | തൃക്കരിപ്പൂർ | 111.26 | 340.05 | 2387 |
| 2 | കാഞ്ഞങ്ങാട് | 90.19 | 251.04 | 1620 |
| 3 | ഉദുമ | 107.41 | 293.11 | 2059 |
| 4 | കാസർഗോഡ് | 37.84 | 99.25 | 797 |
| 5 | മഞ്ചേശ്വരം | 162.98 | 169.94 | 1852 |

സെക്ഷൻ ഓഫീസർ

**അനുബന്ധം - IV**

| ക്രമ നം. | മണ്ഡലം | വിള ഇൻഷ്വറൻസ് ആനുകൂല്യം (രൂപ) | SDRF (രൂപ) | ആകെ (രൂപ) |
|---|---|---|---|---|
| 1 | തൃക്കരിപ്പൂർ | 1200 | 12695 | 13895 |
| 2 | കാഞ്ഞങ്ങാട് | - | 3680 | 3680 |
| 3 | ഉദുമ | - | 14855 | 14855 |
| 4 | കാസർഗോഡ് | - | 14426 | 14426 |
| 5 | മഞ്ചേശ്വരം | - | 7126 | 7126 |
| **ആകെ** | | **1200** | **52782** | **53982** |

സെക്ഷൻ ഓഫീസർ